## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 6540 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ തടയുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; | എ) ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കൽ തടയുന്നതിനായി പുതിയതായി നിലവിൽ വന്ന 2006-ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറേയും ജില്ലാ തലങ്ങളിൽ ഡെസിഗ്നേറ്റഡ് ഓഫീസറെയും ലോക്കൽ ഏരിയാ തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്. ഭക്ഷണ സാധനങ്ങളിൽ മായം കണ്ടെത്തുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) കേന്ദ്ര സർക്കാരിന്റെ 2006-ലെ ഫുഡ് സെയ്ഫ്റ്റി ആന്റ് സാനിട്ടേഷൻ ആക്ട് അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | ബി) ഫുഡ് സേയ്ഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് പ്രകാരം സംസ്ഥാന തലത്തിൽ കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റി സ്ഥാപിക്കുകയും മായം ചേർക്കൽ നിരോധന വിഭാഗത്തെ അതിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറേയും ജില്ലാ തലങ്ങളിൽ ഡെസിഗ്നേറ്റഡ് ഓഫീസറെയും ലോക്കൽ ഏരിയാ തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരേയും അപ്പീൽ കേൾക്കുന്നതിനായി അപ്പലേറ്റ് ട്രൈബ്യൂണലുകളും സ്ഥാപിക്കേണ്ടതുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. ഭക്ഷ്യ പരിശോധന ലബോറട്ടറികളിലെ ഗുണ |

| | |
|---|---|
| | നിലവാരം ഉയർത്തുന്നതിനും NABL Accreditation ലഭ്യമാക്കുന്നതിനുമായി quality Council of India പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിനായി Centre for Management Development പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| സി) ഇതിന്റെ നിർവ്വഹണത്തിനായി എന്ത് തുക നീക്കിവച്ചിട്ടുണ്ട്? | സി) ഫുഡ് അഡ്മിനിസ്ട്രേഷനായി 1 കോടി രൂപയും അനലിറ്റിക്കൽ ലാബുകൾക്കായി 2 കോടി രൂപയും Plan Fund -ൽ 2011-12 -ലെ സംസ്ഥാന ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ